# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :676** — **06.02.2013 - ൽ മറുപടിയ്ക്ക്**

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. ശശി** | | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് കൊച്ചുവേളി, മഞ്ചേരി, കോട്ടയ്ക്കൽ എന്നീ സ്ഥലങ്ങളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | : | (എ) മഞ്ചേരി, കൊച്ചുവേളി എന്നീ സ്ഥലങ്ങളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോട്ടയ്ക്കൽ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം മുൻസിപ്പാലിറ്റിയുടെ അധീനതയിലാണ്. അത് വ്യവസായ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിനാൽ ഒരു ഏജൻസിയ്ക്കും പ്രവൃത്തികൾ നൽകിയിട്ടില്ല. |
| (ബി) എത്ര ഏക്കർ സ്ഥലമാണ്, ഇത്തരം വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ; | : | (ബി) ഇന്റേണൽ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കണമെന്നതിനാൽ കുറഞ്ഞത് 5 ഏക്കർ ഭൂമിയെങ്കിലും ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമാണ്. |
| (സി) പഞ്ചായത്ത്/റവന്യൂ ഭൂമി ചൂണ്ടിക്കാണിച്ചാൽ ഇത്തരം എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് ഉള്ള ലിസ്റ്റിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ സ്ഥലങ്ങൾ ഉൾപ്പെടുത്തുമോ? | : | (സി) ചിറയിൻകീഴ് താലൂക്കിൽ അനുയോജ്യമായ സ്ഥലം വ്യവസായ വകുപ്പിന് കൈമാറിക്കിട്ടുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**